Day 85 of 90 days ✝ ✝ ✝ 18th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമ്മെ പുതിയ പുൽമേടുകളിലേക്ക്, അതേ പുതിയ പുതിയ അനുഭവങ്ങളിലേക്ക് നയിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അവൻ വിളിച്ചവരോട് അവൻ പറഞ്ഞത് എന്നെ അനുഗമിക്കുക എന്നാണ്. അനുഗമിക്കുക എന്ന വാക്കിന്റെ അർത്ഥം നാം ഗ്രഹിക്കണം. നിശ്ചയമായും ഒരിടത്ത് നിൽക്കുക എന്നല്ല. അങ്ങനെയെങ്കിൽ എന്നോടു അടുത്തു വരിക എന്ന് പറയുമായിരുന്നു. ക്രിസ്തീയജീവിതം അപ്രകാരം ഒരിടത്ത് നിൽക്കുന്ന ജീവിതമല്ല. നാൾതോറും ക്രിസ്തുവിനെ അനുഗമിക്കുന്ന ജീവിതമാണത്. അവൻ നമ്മെ നയിക്കുകയാണ്. നാം അവനെ അനുഗമിക്കണം. ലോകത്തിൽ ആരും തന്നെ ജീവിതത്തിൽ ഒരിടത്തു തന്നെ നിൽക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. എല്ലാവരും എന്തിനെയെങ്കിലും അല്ലെങ്കിൽ ആരെയെങ്കിലും അനുഗമിച്ചുകൊണ്ടാണിരിക്കുന്നത്. എന്തെന്നാൽ ആർക്കും ഒരിക്കലും ഒരിടത്തു തന്നെ നിൽക്കുവാൻ കഴികയില്ല. മനുഷ്യന്റെ പ്രകൃതി അപ്രകാരമുള്ളതല്ല. എല്ലാവരും ഏതിനെയെങ്കിലും പിൻപററുന്നു. എന്നാൽ മനുഷ്യനെ നയിക്കുന്ന രണ്ടു ശക്തികൾ ഈ ലോകത്തിലുണ്ടെന്ന് നാം മനസ്സിലാക്കിയിരിക്കണം. അഥവാ മനുഷ്യനെ നടത്തുന്ന രണ്ട് ഇടയന്മാരുണ്ട്. ഒന്ന് നല്ല ഇടയനായ യേശുവും രണ്ടാമത്തേത് കള്ള ഇടയനായ സാത്താനും. കള്ള ഇടയനായ സാത്താൻ, വളരെ ലഘുവും ലളിതവും മനോഹരവും എന്ന് തോന്നുന്നതും ആകർഷണീയവുമായ പുൽമേടുകളിലേക്ക് മനുഷ്യനെ മാടി വിളിക്കുന്നു. അവിടെ അവൻ എല്ലാം വാഗ്ദത്തം ചെയ്യുന്നു. അവിടെയെത്തി കഴിയുമ്പോൾ മാത്രമാണ് അവിടെ നിന്നും ലഭിക്കുന്നത്, താൽക്കാലിക സുഖഭോഗങ്ങൾ മാത്രമാകുന്നുവെന്നും അവ നിലനിൽക്കുന്നതല്ലെന്നും മാത്രമല്ല. ആത്മീയ നാശത്തിനു മാത്രമേ അത് വഴി ഒരുക്കുകയുള്ളുവെന്നും മനസ്സിലാകുന്നത്. അപ്രകാരമുള്ള ലോകഇമ്പമാകുന്ന പുൽമേടുകളിലേക്ക് സാത്താന്റെ പിന്നാലെ പാഞ്ഞു പോയിട്ടുള്ളവരുടെയെല്ലാം അസ്ഥികൂടങ്ങൾ ആ മേടുകളിൽ ചിതറികിടക്കുന്നു. സാത്താൻ കള്ളനാണ്. അവൻ ഭോഷ്ക്കു പറയുക മാത്രമല്ല, ഭോഷ്ക്കിന്റെ അപ്പനും കൂടെയാണെന്ന് വചനം പറയുന്നു. അവൻ വരുന്നത് മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും ആണ് എന്ന് കർത്താവ് പറയുന്നത്. സാത്താന് ഒരേ ഒരു ലക്ഷ്യം മാത്രമാണുള്ളത്. അത് ദൈവം നമുക്ക് നൽകിയിരിക്കുന്ന അഥവാ ദൈവത്തിൽ നിന്നും നാം പ്രാപിച്ചിരിക്കുന്ന അനുഗ്രഹങ്ങളെ മോഷ്ടിക്കുകയും കവർച്ച ചെയ്യുകയും ചെയ്തു നമ്മെ ആത്മീയവും പലപ്പോഴും ഭൗതികവുമായ ദാരിദ്രത്തിലാക്കിതീർക്കുക എന്നുള്ളതാണ്. ലോകവും സാത്താനു നിന്റെ നേരെ ഉയർത്തി കാണിക്കുന്ന ആകർഷണീയമായ കാര്യങ്ങളുടെ പിന്നിൽ ഒളിച്ചിരിക്കുന്ന വസ്തുത ഇതാണ്. സാത്താൻ വച്ചുനീട്ടുന്ന മാധുര്യമേറിയ മിഠായിയുടെ പുറത്തു മാത്രമേ പഞ്ചസാരയുള്ളുവെന്നും അതിനുള്ളിൽ നമ്മെ മയക്കുന്ന വിഷമാണുള്ളതെന്നും നാം മനസ്സിലാക്കണം.

തുടരും...